# പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 24** — **1.12.2014-ന് മറുപടിക്ക്**

### പശ്ചിമഘട്ട സംരക്ഷണവുമായി ബന്ധപ്പെട്ട ബുദ്ധിമുട്ടുകളും ആശങ്കകളും

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.സി.എഫ്.തോമസ്<br>ശ്രീ.മോൻസ് ജോസഫ്<br>ശ്രീ.റ്റി.യു.കുരുവിള | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ,<br>(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പ് മന്ത്രി) |

.....

(എ) പശ്ചിമഘട്ട സംരക്ഷണവുമായി ബന്ധപ്പെട്ട് മലയോര ജനത നേരിടുന്ന ബുദ്ധിമുട്ടുകളും ആശങ്കകളും പരിഹരിക്കുവാൻ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ;

(എ) പശ്ചിമഘട്ട സംരക്ഷണവുമായി ബന്ധപ്പെട്ട് മലയോര ജനതയുടെ പ്രശ്നങ്ങളും ആശങ്കകളും പരിഹരിക്കുവാൻ സംസ്ഥാന സർക്കാർ സ്വീകരിച്ച സത്വര നടപടികളുടെ സംക്ഷിപ്ത വിവരം ചുവടെ ചേർക്കുന്നു :

കസ്തൂരിരംഗൻ കമ്മിറ്റിയുടെ ശുപാർശകൾ അറിഞ്ഞപ്പോൾത്തന്നെ അതിന്മേൽ സംസ്ഥാന സർക്കാരിന്റെ അഭിപ്രായം കണക്കിലെടുക്കാതെ അന്തിമ തീരുമാനം എടുക്കരുതെന്ന് കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തെ അറിയിച്ചു. കൂടാതെ ആശുപത്രികൾ 'ചുവപ്പുവിഭാഗത്തി' ലായതിനാൽ, പരിസ്ഥിതിലോല മേഖലകളിലെ ചുവപ്പുവിഭാഗ വ്യവസായ നിയന്ത്രണത്തിൽനിന്ന് ആശുപത്രികളെ ഒഴിവാക്കണമെന്ന് ശുപാർശചെയ്തു.

രാഷ്ട്രീയ പാർട്ടികളുടെ യോഗം വിളിച്ചുചേർത്ത് അവരുടെ അഭിപ്രായം അറിഞ്ഞു. അതിനെത്തുടർന്ന്, റിപ്പോർട്ടിലെ ശുപാർശകൾ സംബന്ധിച്ച് അഭിപ്രായം/ശുപാർശ സമർപ്പിക്കാനായി സംസ്ഥാന ജൈവവൈവിധ്യ ബോർഡ് ചെയർമാൻ, ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ എക്സിക്യൂട്ടീവ് വൈസ്പ്രസിഡന്റ്, മുൻ ഐ.എ.എസ് ഉദ്യോഗസ്ഥനായ ശ്രീ. പി.സി.സിറിയക്ക് എന്നിവരടങ്ങുന്ന വിദഗ്ധ സമിതി രൂപീകരിച്ചു.

→

ജനങ്ങളുടെ ആശങ്കകൾ പരിഗണിക്കുന്നതിനായും, അതാതിടങ്ങളിലെ യഥാർത്ഥ പരിസ്ഥിതിലോല പ്രദേശങ്ങൾ ജനാധിവാസമേഖലകൾ, കൃഷിസ്ഥലങ്ങൾ, തോട്ടങ്ങൾ, മാനദണ്ഡങ്ങൾ പാലിക്കുന്ന വനം, കാവുകൾ, മൊട്ടക്കുന്നുകൾ, പാറക്കെട്ടുകൾ, പുൽമേടുകൾ എന്നിവ നിലനിർത്തേണ്ടവ ക ണ്ടെത്തി നിർണ്ണയിക്കുന്നതിനായി നേരിട്ടു പരിശോധനനടത്തി, സർക്കാരിലേക്കു ശുപാർശ നൽകുന്നതിനായി അതാത് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് അദ്ധ്യക്ഷനായും, ഗ്രാമപഞ്ചായത്ത് സെക്രട്ടറി, സെക്രട്ടറിയായും വില്ലേജ് ഓഫീസർ, ഫോറസ്റ്റ് റേഞ്ച്ഓഫീസർ, കൃഷിഓഫീസർ എന്നിവർ അംഗങ്ങളായും പരിശോധനാ സമിതി രൂപീക രിച്ചു.

പരിസ്ഥിതിലോല പ്രദേശങ്ങൾ പുനർനിർണ്ണയിക്കാനും, പരാതികൾ കേൾക്കാനുമായി വിദഗ്ധ സമിതി രൂപീകരിച്ച കാര്യവും റിപ്പോർട്ട് കിട്ടിയശേഷം വിശദമായ റിപ്പോർട്ടു സമർപ്പിക്കുമെന്നും കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തെ അറിയിച്ചു.

കസ്തൂരിരംഗൻ കമ്മിറ്റിയുടെ ശുപാർശകൾ തത്വത്തിൽ അംഗീകരിച്ചു കൊണ്ട് കേന്ദ്ര സർക്കാർ പുറപ്പെടുവിച്ച ഉത്തരവിനെതുടർന്ന് സംസ്ഥാനത്ത് ഉണ്ടായിട്ടുള്ള ഭയാശങ്കകൾ കേന്ദ്ര വനം-പരിസ്ഥിതി വകുപ്പ് സഹമന്ത്രിയെ മുഖ്യമന്ത്രി നേരിട്ടറിയിക്കുകയും ഇക്കാര്യത്തിൽ സ്പഷ്ടീകരണം നല്കണമെന്ന് അഭ്യർത്ഥിക്കുകയുമു ണ്ടായി. തുടർന്ന് നടത്തിയ ശ്രമഫലമായിട്ടാണ് സംസ്ഥാന സർക്കാരുകളെക്കൂടി വിശ്വാസത്തിലെടുത്ത് പരിസ്ഥിതി ലോലപ്രദേശങ്ങൾ നിർണ്ണയിക്കാമെന്ന നിലപാട് കേന്ദ്ര സർക്കാർ സ്വീകരിച്ചത്.

→

കസ്തൂരിരംഗൻ കമ്മിറ്റി ശുപാർശകളിന്മേൽ സംസ്ഥാന സർക്കാരിന്റെ നിലപാട് പാർലമെന്റംഗങ്ങളുടെ യോഗത്തിൽ സർക്കാർ വിശദീകരിക്കുകയും ജനങ്ങൾക്കുണ്ടായിട്ടുള്ള ആശങ്കകൾ അകറ്റാൻ കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തണമെന്ന് ആവശ്യപ്പെടുകയും ചെയ്തു.

സംസ്ഥാന സർക്കാർ നിയോഗിച്ച വിദഗ്ധ സമിതി ജനവാസമേഖലകളും കൃഷിയിടങ്ങളും വനവും മറ്റ് പ്രകൃതി സമ്പത്തുകളും നേരിൽകണ്ടും പഞ്ചായത്തുതല പരിശോധനാ സമിതിയുടെ ശുപാർശകൾ പരിഗണിച്ചുമാണ് 123 പരിസ്ഥിതിലോല വില്ലേജുകളുടെ കഡസ്ട്രൽ മാപ്പ് തയ്യാറാക്കിയത്. ഈ മാപ്പുകൾ ജനങ്ങൾക്ക് വെബ്സൈറ്റിലൂടെ ലഭ്യമാക്കി. ഇതിന് ശേഷം ലഭിച്ച പരാതികൾ ബന്ധപ്പെട്ട പഞ്ചായത്തുതല സമിതിയുമായി ചർച്ചചെയ്ത് പരിഹരിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ റിപ്പോർട്ട് കേന്ദ്ര വനംപരിസ്ഥിതി മന്ത്രാലയത്തിന് സമർപ്പിക്കുകയുമുണ്ടായി. ഈ റിപ്പോർട്ടിൽ മലയോര ജനതയുടെ കൃഷിയെയും സ്വത്തിനെയും ജീവിതത്തെയും ബാധിക്കുന്ന തരത്തിലുള്ള ഒരു നടപടിയും കൈക്കൊള്ളരുതെന്ന് സംസ്ഥാനം കേന്ദ്രസർക്കാരിനോട് അഭ്യർത്ഥിച്ചു.

സംസ്ഥാന സർക്കാർ സമർപ്പിച്ച കഡസ്ട്രൽ മാപ്പുകൾ പ്രകാരമുള്ള 123 വില്ലേജുകളെ പരിസ്ഥിതിലോല പ്രദേശങ്ങളായി 10.3.2014-ലെ കേന്ദ്ര വനം-പരിസ്ഥിതി വകുപ്പിന്റെ കരട് വിജ്ഞാപനത്തിൽ അംഗീകരിച്ചിട്ടുമുണ്ട്. സംസ്ഥാനത്ത് ഗാഡ്ഗിൽ റിപ്പോർട്ടിൽ ശുപാർശ ചെയ്തിരുന്ന പരിസ്ഥിതിലോല പ്രദേശം 13,108 ചതുരശ്ര കിലോമീറ്ററായിരുന്നത് 9,993.7 ചതുരശ്ര കിലോമീറ്ററായി കുറയ്ക്കാനായത് (ഇതിൽ 886.7 ചതുരശ്ര കിലോ മീറ്റർ മാത്രമാണ് വനേതര പ്രദേശം) മേൽ വിവരിച്ച പ്രകാരം സംസ്ഥാന സർക്കാർ ശുഷ്കാന്തിയോടെ പ്രവർത്തിച്ചതിന്റെ

→

ഫലമായാണ്. ദേശീയ ഹരിത ട്രൈബ്യൂണലിന്റെ 25.9.2014-ലെ വിധിയിൽ സംസ്ഥാന സർക്കാരിന്റെ പ്രവർത്തനങ്ങളെ അംഗീകരിച്ചിട്ടുമുണ്ട്. കേരള സർക്കാർ സമർപ്പിച്ച നിർദ്ദേശങ്ങൾ പരിഗണിച്ച് പരിസ്ഥിതിലോല പ്രദേശങ്ങളെ സംബന്ധിച്ച വിജ്ഞാപനം എത്രയുംവേഗം പുറപ്പെടുവിക്കണമെന്ന് 9.10.2014-ലെ 1995/എ 2/2012/പരി. പ്രകാരം മുഖ്യമന്ത്രി, കേന്ദ്ര വനം-പരിസ്ഥിതി വകുപ്പുമന്ത്രിയോട് അഭ്യർത്ഥിച്ചു.

(ബി) പശ്ചിമഘട്ടമേഖലയിൽ താമസിക്കുന്ന ജനതയെ സംരക്ഷിക്കുന്നതിന് എന്തെല്ലാം പുതിയ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ?

(ബി) ഇതുമായി ബന്ധപ്പെട്ട് പശ്ചിമഘട്ട മേഖലയിലെ കർഷക ജനതയെ സാരമായി ബാധിക്കുന്ന ഒരു നടപടിയും കൈക്കൊള്ളില്ലെന്ന് കേരള സർക്കാർ ഉറപ്പാക്കുന്നതാണ്. ഉപജീവനത്തെയോ കൃഷിവൃത്തിയെയോ ബാധിക്കുന്നതൊന്നും പശ്ചിമഘട്ട സംരക്ഷണ നടപടികളിൽ ഉൾക്കൊള്ളുന്നില്ല.

സെക്ഷൻ ഓഫീസർ